# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 456 | 26.04.2017 - ൽ മറുപടിയ്ക്ക് |
|---|---|

## ചരക്ക് സേവന നികുതി സമ്പ്രദായം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.ഇ.പി.ജയരാജൻ | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | ചരക്ക് സേവന നികുതി സമ്പ്രദായം നടപ്പിൽ വരുന്നതോടെ കേന്ദ്ര - സംസ്ഥാന സാമ്പത്തികബന്ധങ്ങളിൽ വരുന്ന മാറ്റങ്ങൾ എന്തൊക്കെയാണ്; | (എ) | ചരക്ക് സേവന നികുതി സമ്പ്രദായം വരുന്നതോടെ സംസ്ഥാനത്തിനകത്തുള്ള എല്ലാ കൈമാറ്റങ്ങളിലും എസ്.ജി.എസ്.ടി യും സി.ജി.എസ്.ടി യും ഉൾപ്പെടും. ആയതിനാൽ രണ്ട് നികുതി നിർണ്ണയ അധികാരികളുടെ മുമ്പിലും വ്യാപാരികൾ കണക്കു കാണിക്കേണ്ടി വരും. ഈ ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനായി കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ ജി.എസ്.ടി കൗൺസിലിൽ ശക്തമായ സമ്മർദ്ദം ചെലുത്തുകയും അതിനെ തുടർന്ന് ഇത്തരം വ്യാപാരികളുടെ 90% ഫയലുകളും സംസ്ഥാനങ്ങൾക്ക് കൈകാര്യം ചെയ്യാനുള്ള അധികാരം നൽകാൻ സമ്മതിച്ചിട്ടുണ്ട്. ചരക്ക് സേവന നികുതി നിലവിൽ വരുമ്പോൾ സേവന മേഖലയിൽ നിന്നുമുള്ള നികുതി പിരിക്കുവാൻ സംസ്ഥാനങ്ങൾക്ക് അവകാശമുണ്ട്. |
| (ബി) | അതിന്റെ ഗുണവശങ്ങളും ദോഷവശങ്ങളും എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ? | (ബി) | ചരക്കുസേവന നികുതി പ്രാപ്യസ്ഥാനാധിഷ്ഠിത നികുതി സംവിധാനമായതിനാൽ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ജി.എസ്.ടി ഗുണകരമാണ്. ഇതിനു പുറമേ സേവനങ്ങൾക്കു മേലുള്ള നികുതിയും സംസ്ഥാനത്തിന് ലഭ്യമാകും. ബാങ്കിംഗ്, ടെലികമ്മ്യൂണിക്കേഷൻസ്, |

| | | | |
|---|---|---|---|
| | | | ഇൻഷ്വറൻസ്, ഫിനാൻസ് തുടങ്ങിയ സേവനങ്ങളുടെ കേരളത്തിലെ ഉപഭോഗ നിരക്ക് രാജ്യത്തെ ഉയർന്ന നിരക്കുകളിൽ ഒന്നായതിനാൽ കേരളം നേട്ടം പ്രതീക്ഷിക്കുന്നു.<br>ജി.എസ്.ടി നടപ്പാക്കുമ്പോൾ ഉണ്ടാകുന്ന വരുമാന നഷ്ടം കേന്ദ്രം നികത്തുമെന്ന് അംഗീകരിച്ചിട്ടുണ്ട്. ജി.എസ്.ടി നടപ്പാക്കുമ്പോൾ 2015-16 ലെ നികുതി പിരിവിന്റെ അടിസ്ഥാനത്തിൽ 14% വർദ്ധനവ് വർഷം തോറും കണക്കാക്കി ആദ്യ അഞ്ച് വർഷത്തേക്ക് പൂർണ്ണമായി നഷ്ട പരിഹാരം നൽകുന്ന രീതിയിൽ GST Compensation Act പാസ്സാക്കി. ആയതിനാൽ സംസ്ഥാനത്തിന്റെ വരുമാനത്തെ ജി.എസ്.ടി പ്രതികൂലമായി ബാധിക്കുകയില്ലെന്നാണ് കരുതുന്നത്. |

**സെക്ഷൻ ഓഫീസർ**